# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **110/2026** തിരുവനന്തപുരം, തീയതി : **01/06/2026**

## മേട്രൺ

കേരളസർവകലാശാലയുടെ വെബ്സൈറ്റിൽ **21.05.2026** തീയതിയിൽ പ്രസിദ്ധീകരിച്ച കരാർ അടിസ്ഥാനത്തിലുള്ള മേട്രൺ നിയമനത്തിനായുള്ള വാക്ക് - ഇൻ - ഇന്റർവ്യൂ സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം തിരുത്തിമാറ്റി വ്യാജരൂപത്തിൽ ചില ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ പ്രചരിക്കുന്നതായി സർവകലാശാലയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

ഫേസ്ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചരിക്കുന്ന വ്യാജ വിജ്ഞാപനത്തിൽ തസ്തികയുടെ പേര് തെറ്റായി **Women Attender** എന്നായി നൽകിയിരിക്കുന്നതോടൊപ്പം, സർവകലാശാല നിശ്ചയിച്ചിട്ടുള്ള പ്രധാന യോഗ്യത മാനദണ്ഡങ്ങളായ പ്രവൃത്തി പരിചയം, ജോലി, സ്വഭാവം തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. സർവകലാശാലയുടെ ഔദ്യോഗിക വിജ്ഞാപനപ്രകാരം ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തസ്തിക | വനിതാ മേട്രൺ |
| യോഗ്യത | എസ്.എസ്.എൽ.സി. പാസ്സ് |
| പ്രവൃത്തി പരിചയം | ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം |
| പ്രായപരിധി | 30 മുതൽ 55 വയസ്സ് (മറ്റു പിന്നോക്ക സമുദായത്തിൽ പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിലുള്ള വർക്കും നിയമനാനുസൃത ഇളവുണ്ടായിരിക്കും ) |
| ശമ്പളം | **Rs.** 21,000/- |
| തിരഞ്ഞെടുപ്പ് പ്രക്രിയ | വാക്ക് - ഇൻ - ഇന്റർവ്യൂ |
| പ്രവൃത്തി രീതി | ഷിഫ്റ്റ് അടിസ്ഥാനത്തിലുള്ള സേവനം, രാത്രി ഡ്യൂട്ടി ഉൾപ്പെടെ |

ആയതിനാൽ, അപേക്ഷകരും പൊതുജനങ്ങളും കേരളസർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മാത്രം വിശ്വസിക്കേണ്ടതും, വ്യാജ പ്രചാരണങ്ങളിൽ നിന്ന് വിട്ടുനിൽക്കേണ്ടതുമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |